പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2259 — 10.10.2011- ലെ മറുപടി

ട്രാൻസ്പോർട്ട് സർവ്വീസിന്റെ അപര്യാപ്തത

ചോദ്യം — ഉത്തരം

ശ്രീ. പി. ബി. അബ്ദുൾ റസാക്

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ ട്രാൻസ്പോർട്ട് സർവ്വീസിന്റെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി യ്ക്ക് പുതിയ സർവ്വീസ് നടത്താൻ സാധിക്കാത്ത സ്ഥിതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | കാസർഗോഡ് ഡിപ്പോയുടെ പശ്ചാത്തല സൗകര്യങ്ങൾ അനുസരിച്ച് കൂടുതൽ സർവ്വീസുകൾ അവിടെ നിന്നും പുതുതായി തുടങ്ങുന്നത് പ്രായോഗികമായി ബുദ്ധിമുട്ടാണ്. കാഞ്ഞങ്ങാട് സബ് ഡിപ്പോയുടെ പ്രവർത്തനം തുടങ്ങി അവിടെ നിന്നും സർവ്വീസുകൾ ആരംഭിക്കുന്നതോടു കൂടി ഇത് പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | കൂടുതൽ സ്വകാര്യ ബസുകൾക്ക് പെർമിറ്റ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) | അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് നിയമങ്ങൾക്ക് വിധേയമായി നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | കെ.എസ്.ആർ.ടി.സി കൂടുതൽ സർവ്വീസ് നടത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | കാസർഗോഡ് ജില്ലയിൽ നഗരത്തിന്റെ ഹൃദയ ഭാഗത്താണ് കാസർഗോഡ് ഡിപ്പോ സ്ഥിതി ചെയ്യുന്നത്. ഇവിടെ നിന്നും 111 സർവ്വീസുകൾ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി അനുവാദം നൽകിയിട്ടുണ്ട്. ഇവയിൽ |

| | | | |
|---|---|---|---|
| | | | പ്രതിദിനം 106 സർവ്വീസ് വരെ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഈ സർവ്വീസുകളിൽ ഭൂരിപക്ഷവും നഗരത്തിലൂടെയും പ്രാന്തപ്രദേശങ്ങളിലൂടെയുമാണ് കടന്നുപോകുന്നത്. കാഞ്ഞങ്ങാട് സബ് ഡിപ്പോയുടെ പണി പൂർത്തിയായി പ്രവർത്തനം ആരംഭിക്കുന്നതോടു കൂടി അവിടെ നിന്നും കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുന്നതുമൂലം കാസർഗോഡ് ജില്ലയിലെ യാത്രാക്ലേശം പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ